ചെയ്യാമെന്നാണ്. എം. പി. ഫണ്ടിൽ നിന്നും 13 കോടി രൂപ മുടക്കി ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടം അവിടെ നിർമ്മിച്ചിട്ടുണ്ട്. പന്തളം ഡിപ്പോ എ. ടി. ഒ. ഓഫീസായി ഉയർത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. ശക്തൻ: സർ, പുതിയ സബ് ഡിപ്പോകൾ അനുവദിക്കുന്നതിനെ സംബന്ധിച്ച് ഞാൻ നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒരു സബ് ഡിപ്പോ പുതുതായി ആരംഭിക്കുമ്പോൾ കെ. എസ്. ആർ. ടി. സി.-ക്ക് വളരെയേറെ സാമ്പത്തിക ബാദ്ധ്യത വരുന്നുണ്ട്. ഇപ്പോൾ ധാരാളം സാമ്പത്തിക ബുദ്ധിമുട്ടുകൾ കെ. എസ്. ആർ. ടി. സി.-ക്ക് ഉണ്ട്. ബഹുമാനപ്പെട്ട എം. എൽ. എ. സൂചിപ്പിച്ച കാര്യം പ്രത്യേകമായി പരിശോധിക്കാം. അവിടെ ചെയ്യാൻ പറ്റുമെന്നുണ്ടെങ്കിൽ അവിടെയത് അനുവദിക്കാം. അത് പരിശോധിച്ചതിനുശേഷം മാത്രമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി നാളെ മുതൽ എയർകണ്ടീഷൻ ബസ് തുടങ്ങുമെന്നു പറഞ്ഞു. വളരെ നല്ല കാര്യമാണ്. നമ്മൾ പലപ്പോഴും പത്രങ്ങളിൽ കാണാറുള്ളത് പുതിയ ബസുകൾ തുടങ്ങുന്ന അന്നുതന്നെ വഴിയിൽ കിടക്കുന്നതാണ്. അങ്ങ് ഒരു കാര്യം ശ്രദ്ധിക്കണം, എയർകണ്ടീഷൻ ബസ് തുടങ്ങുമ്പോൾ അത് റഗുലറായി സർവ്വീസ് ചെയ്യാനും ഇത് എയർകണ്ടീഷനായിട്ടുതന്നെ ഓടാനുമുള്ള ഒരു സംവിധാനമുണ്ടാക്കണം. ഓരോ ബസ് ആരംഭിച്ച സമയത്ത് ഒരു മാതൃഭൂമി പത്രവും ഒരു ചായയും തിരുവനന്തപുരത്തു നിന്നും പുറപ്പെടുമ്പോൾ കൊടുക്കുമായിരുന്നു. കെ.എസ്. ആർ.ടി.സി.-യിലെ ഉദ്യോഗസ്ഥൻമാർ കണ്ടുപിടിച്ചു കൊണ്ടുവന്ന സ്പോൺസർമാരാണ് ഇത് ചെയ്തിരുന്നത്. എയർകണ്ടീഷൻ വർക്ക് ചെയ്തില്ലെങ്കിൽ അതിനകത്തിരുന്ന് ശ്വാസംമുട്ടി മരിച്ചുപോകും. അതുകൊണ്ട് ഇത് കൃത്യമായി മെയിന്റെയിൻ ചെയ്യാൻ എന്തു സംവിധാനമാണ് അങ്ങ് ഉദ്ദേശിക്കുന്നത്?

ശ്രീ. എൻ. ശക്തൻ: സർ, ചോദ്യം മുൻ ട്രാൻസ്പോർട്ട് വകുപ്പു മന്ത്രിയുടേതാണ് അതുകൊണ്ട്. മറുപടിയും സൂക്ഷിച്ചുവേണം പറയാൻ. നാളെ മുതൽ എയർകണ്ടീഷൻ ബസ് സർവ്വീസ് ആരംഭിക്കുന്നതേയുള്ളൂ. അതിൽ യാത്രക്കാർക്ക് ഒരു ബുദ്ധിമുട്ടും വരാതിരിക്കാനാണ് അത് ക്രമീകരിച്ചിരിക്കുന്നത്. സർവ്വീസ് ആരംഭിച്ചതിനുശേഷം അതിൽ യാത്രക്കാർക്ക് എന്തെങ്കിലും ബുദ്ധിമുട്ട് വരുന്നുണ്ടെന്ന് അനുഭവപ്പെട്ടാൽ തീർച്ചയായും അത് പരിഹരിക്കുന്നതാണ്. പുതുതായി ആരംഭിക്കുന്ന എയർകണ്ടീഷൻ ബസുകളിൽ യാത്രക്കാർക്ക് ഒരു ബുദ്ധിമുട്ടും വരില്ല. എന്ത് ബുദ്ധിമുട്ടു വന്നാലും അത് പരിഹരിക്കുന്നതാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ 411.

ലൈസൻസ് പുതുക്കി നൽകുന്നതിന് കാലതാമസം ഒഴിവാക്കാൻ നടപടി

*2 [411] ഡോ. കെ. സി. ജോസഫ്:
ശ്രീ. കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു:
,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ആർ. ടി. ഒ. ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചതിനുശേഷം ലൈസൻസ് പുതുക്കി നൽകുന്നതിന് എത്ര ദിവസത്തെ കാലതാമസം ഉണ്ടാകുന്നുണ്ടെന്ന് വ്യക്തമാക്കാമോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) പൊതുജനങ്ങളുടെ സൗകര്യാർത്ഥം സമയബന്ധിതമായി ലൈസൻസ് പുതുക്കി നൽകുന്നതിനും, കാലതാമസം ഒഴിവാക്കുവാനും സത്വര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ): സർ,

(എ) കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ള ആർ. ടി. ഓഫീസുകളിൽ നിന്ന് ലൈസൻസ് പുതുക്കി നൽകുന്നതിന് ഒരാഴ്ച മുതൽ - ഒരു മാസം വരെ കാലതാമസമുണ്ടാകുന്നുണ്ട്. കമ്പ്യൂട്ടറിൽ ഉപയോഗിക്കേണ്ട കാട്രിഡ്ജസ്, റിബൺ മുതലായവ ലഭ്യമാക്കുന്നതിനുള്ള കാലതാമസവും വേണ്ടത്ര ഫണ്ടിന്റെ അഭാവവും അവ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ കാലതാമസവുമാണ് ഇതിനുകാരണം.

(ബി) കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

ഡോ. കെ. സി. ജോസഫ്: സർ, ആനയെ വാങ്ങാൻ പണമുണ്ട്, തോട്ടി വാങ്ങാൻ പണമില്ലാത്തതുകൊണ്ട് ആനയെ ഉപയോഗിക്കാൻ പറ്റില്ലെന്നു പറഞ്ഞതുപോലെ കമ്പ്യൂട്ടറെല്ലാം വാങ്ങിവച്ചതിനു ശേഷവും ഈ ലൈസൻസുകൾ പുതുക്കിക്കൊടുക്കുന്നതിന് കാലതാമസം വരുത്തുന്നതിൽ ഒരു ന്യായീകരണവുമില്ല. കമ്പ്യൂട്ടറുകളില്ലാതിരുന്നപ്പോൾ ലൈസൻസുകൾ പുതുക്കിക്കൊടുക്കുന്നതിന് എടുത്തതിനേക്കാൾ ചുരുങ്ങിയ സമയത്തിനുള്ളിൽ ഇത് നിർബന്ധമായും കൊടുക്കുന്നതിന് ഏതെങ്കിലുമൊരു സമയപരിധി നിഷ്കർഷിച്ചിട്ടുണ്ടോ? ഇത്ര ദിവസത്തിനകം ലൈസൻസുകൾ പുതുക്കി കൊടുക്കണം. ഈ സമയബന്ധിതമായി നൽകുന്നതിനുവേണ്ടി എന്ത് കൃത്യമായ ക്രമീകരണം ചെയ്യാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. എൻ. ശക്തൻ: ഇടയ്ക്ക് അൽപ്പം സാമ്പത്തിക ബുദ്ധിമുട്ട് വന്നപ്പോഴാണ് ഇതിനൽപ്പം കാലതാമസം വന്നിട്ടുള്ളത്. ഇപ്പോൾ ആവശ്യമായ സാമ്പത്തികം മുഴുവൻ അതിന് നൽകിയിട്ടുണ്ട്. ഇപ്പോൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ള സെൻററുകളിൽ അത് ലഭിക്കുന്നതിന് ഒട്ടും കാലതാമസമില്ല. ഇപ്പോഴത്തെ സ്ഥിതിയനുസരിച്ചാണെങ്കിൽ കമ്പ്യൂട്ടൽവൽക്കരിച്ച സ്ഥലങ്ങളിൽ ലേണേഴ്സ് കിട്ടി ഒരു മാസം കഴിഞ്ഞാൽ അതിന്റെ അടുത്ത ടെസ്റ്റ് നടത്താം. ടെസ്റ്റ് നടന്നുകഴിഞ്ഞാൽ അടുത്തദിവസം തന്നെ കമ്പ്യൂട്ടർവൽക്കരിച്ച സ്ഥലങ്ങളിൽ ലൈസൻസ് നൽകുന്നതാണ്.

ഡോ. കെ. സി. ജോസഫ്: സർ, ഈ ഓഫീസുകളുടെ അധികാരവികേന്ദ്രീകരണവും ലൈസൻസുകൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കുന്നതിന് ആവശ്യമാണ്. അതുകൊണ്ട് ഓരോ താലൂക്കിനും ഒരു റിജീയണൽ ട്രാൻസ്പോർട്ട് ഓഫീസ് സ്ഥാപിച്ച് ഇത് വികേന്ദ്രീകരിച്ച് സത്വരമായ നടപടികളോ, ആളുകളെ സഹായിക്കാൻ വേണ്ടി എല്ലാ താലൂക്കിലും ഒരു ജോയിന്റ് ആർ. ടി. ഓഫീസ് എന്നുള്ള തത്വം അംഗീകരിച്ച് ഈ പ്രവർത്തനങ്ങൾ വികേന്ദ്രീകരിക്കാനവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എൻ. ശക്തൻ: മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം 1991-ൽ 2274 വാഹനങ്ങൾക്ക് ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻ ഈ ഡിപ്പാർട്ടുമെന്റിലുണ്ടായിരുന്നു. ഇന്നത് 6477 വാഹനങ്ങൾക്ക് ഒരു ഉദ്യോഗസ്ഥനായി വന്നിട്ടുണ്ട്. ഇന്ന് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥൻമാരുടെ കുറവ് വളരെ കൂടുതലുണ്ട്. ഇനി പുതിയ തസ്തികകൾ സൃഷ്ടിച്ചാൽ മാത്രമേ നമുക്ക് പുതിയ ഓഫീസുകൾ തുറക്കുന്നതിന് സാധിക്കുകയുള്ളൂ. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് കൂടുതൽ ഓഫീസുകൾ ആരംഭിക്കണമെന്നുള്ള ഒരു നിർദ്ദേശം മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിൽ നിന്നും വന്നിട്ടുണ്ട്. അതിപ്പോൾ ഗവൺമെന്റിന്റെ സജീവമായ പരിഗണനയിലാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, അങ്ങയുടെ ഉത്തരത്തിൽ കമ്പ്യൂട്ടർ വൽക്കരിച്ചിട്ടുള്ള ഓഫീസുകളിൽ ഒരാഴ്ച മുതൽ ഒരു മാസം വരെ കാലതാമസമുണ്ടാകുന്നുണ്ടെന്നു പറഞ്ഞു. ഇപ്പോൾ സർക്കാരിന്റെ മുദ്രാവാക്യം തന്നെ അതിവേഗം ബഹുദൂരമെന്നാണ്. കെ. എസ്. ആർ. ടി. സി.ക്ക് അതിവേഗവുമില്ല ബഹുദൂരവുമില്ലെന്നുള്ളതാണ് ഇപ്പോൾ മനസ്സിലാകുന്നത്. ആർ. ടി. ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി സർക്കാർ തന്നെ Fast service for transport എന്ന ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. അത് ഒരു മണിക്കൂർകൊണ്ട് ലൈസൻസും അതുപോലുള്ള കാര്യങ്ങളും കൊടുക്കാൻ സാധിക്കുന്നതാണ്. അത് മന്ത്രിസഭയുടെ തീരുമാനമാണെന്നാണ് അറിഞ്ഞത്. അതെന്തായി എന്ന് വ്യക്തമാക്കാമോ?

ശ്രീ. എൻ. ശക്തൻ: ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നത് കമ്പ്യൂട്ടറൈസേഷന്റെ കാര്യമാണോ?

ശ്രീ. കെ. പി. മോഹനൻ: അതേ, കമ്പ്യൂട്ടറൈസേഷന്റെ കാര്യമാണ്.

ശ്രീ. എൻ. ശക്തൻ: മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനുള്ള ടെണ്ടറെല്ലാം സ്വീകരിച്ചു. ടെണ്ടർ ഫൈനലൈസ് ചെയ്തു. ഇതിന്റെ നടപടി അവസാന ഘട്ടത്തിൽ എത്തിയിരിക്കുകയാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ അതിവേഗം ബഹുദൂരം ഇപ്പോൾ അക്ഷരാർത്ഥത്തിൽ നടപ്പിലാക്കിയിരിക്കുകയാണ്. അതുകൊണ്ടാണ് ലൈസൻസ് കൊടുക്കുന്നതിന് നാലുമാസമായി കാലതാമസമുണ്ടായിരുന്നത് ഒഴിവാക്കി ഇപ്പോൾ ഒരു മാസമായി നിൽക്കുന്നത്. അത് അതിവേഗം ബഹുദൂരം പോകുന്നതുകൊണ്ടാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, ഇപ്പോൾ ഒരാഴ്ചയിൽ 6 ദിവസം ഓഫീസ് വർക്ക് ചെയ്യുന്നുണ്ട്. പക്ഷേ എല്ലാ ദിവസവും ഇതൊന്നും ചെയ്തുകൊടുക്കുന്നില്ല. ശനിയും, ഞായറും, വ്യാഴം, വെള്ളി ദിവസങ്ങളിൽ മാത്രമേയുള്ളൂ. മറ്റു ദിവസങ്ങളിൽ വെറും നികുതി വാങ്ങൽ മാത്രമാണ് നടക്കുന്നത്, ടെസ്റ്റ് നടക്കുന്നില്ല. സി. എഫ്. നടക്കുന്നില്ല. ഉദ്യോഗസ്ഥരില്ലാത്തതാണ് ഇതിന്റെ കാരണമെന്നാണ് മനസ്സിലാക്കിയത്. എ. എം. വി. ഐ. കളില്ല, സ്റ്റാഫില്ല. തലശ്ശേരിപോലുള്ള ജോയിന്റ് ആർ. ടി. ഓഫീസുകളിലൊക്കെത്തന്നെ ഇത് സാധാരണയാണ്, അതുകൊണ്ട് അതിനുള്ള സൗകര്യങ്ങൾ, അതുപോലെതന്നെ എല്ലാ ദിവസവും ടാക്സ് അടയ്ക്കുന്നതോടൊപ്പം തന്നെ മറ്റു നടപടികൾ കൂടി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. ശക്തൻ: ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുള്ളതുപോലെ മോട്ടോർവെഹിക്കിൾ ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥൻമാരുടെ കുറവു വളരെ കൂടുതലാണ്. ആ കുറവാണ് ഇന്നുണ്ടാകുന്ന കാലതാമസത്തിന്റെ പ്രധാന കാരണം. എ. എം. വി. ഐ. മാരുടെ പി. എസ്. സി. റാങ്ക്‌ലിസ്റ്റ് ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

നില്പവിലില്ല. അത് പി. എസ്. സി.ക്ക് എഴുതി അവർ പരീക്ഷ നടത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്, ഇൻറർവ്യൂ നടത്താൻ പോവുകയാണ്. പല പ്രാവശ്യം പി. എസ്. സി. യോട് കഴിയുന്നതും വേഗം ഇൻറർവ്യൂ നടത്തി എ.എം.വി.ഐ മാരെ തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൂടി കഴിഞ്ഞാൽ ഇവരെ പോസ്റ്റ് ചെയ്തത് അതിൻറെ കുറവ് പരിഹരിക്കാവുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, മുൻ ട്രാൻസ്പോർട്ട് കമ്മീഷണർ ഈ ലൈസൻസ് റിന്യൂ ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളം അടുത്ത ദിവസം കൊടുത്തിരിക്കണമെന്നു പറഞ്ഞ് ഒരു സർക്കുലർ കൊടുത്തിരുന്നു. എന്നാൽ കമ്പ്യൂട്ടർവൽക്കരിച്ചതിനുശേഷവും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിരിക്കുന്നത് ഒരാഴ്ചയോ ഒരു മാസമോ ആണ്. മാനുവലായി ചെയ്തിരുന്നപ്പോഴും, ലൈസൻസ് പുതുക്കുന്നത് 24 മണിക്കൂറിനുള്ളിൽ നിർവ്വഹിച്ചിരിക്കണമെന്നുള്ള ഗവൺമെൻറിൻറെ ഉത്തരവിറക്കിയിട്ടുണ്ട്. ആ കാര്യങ്ങളൊക്കെ പരിശോധിച്ച് തീർച്ചയായും ഇക്കാര്യത്തിൽ ഒരു മാറ്റമുണ്ടാക്കാനുള്ള ശ്രമം നടത്തുമോ?

ശ്രീ. എൻ. ശക്തൻ: ഞാൻ നേരത്തെ സൂചിപ്പിച്ചത് യഥാർത്ഥത്തിലുള്ള വിവരമാണ്. അതായത് ഇടയ്ക്ക് കുറച്ചു കാലതാമസം വന്നു. അത് ഫണ്ടിൻറെ കുറവുകൊണ്ട് സാധനങ്ങൾ ലഭ്യമാകുന്നതിനുള്ള കാലതാമസമാണ് വന്നത്. ഇന്ന് അത് പരിഹരിക്കുന്നതിനാവശ്യമായ ഫണ്ട് കൊടുത്തിട്ടുണ്ട്. ഇപ്പോൾ ഒട്ടും കാലതാമസമില്ലാതെ ഉടൻതന്നെ നൽകുന്നുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഞാൻ ഒരു ലൈസൻസ് പുതുക്കുന്നതിനുവേണ്ടി കൊടുത്താൽ ഒരു മാസമെടുക്കുന്നുവെന്ന് വയ്ക്കുക. ചിലപ്പോൾ ഒരു സർട്ടിഫിക്കറ്റ് തരാനുണ്ട്. വഴിക്കുവച്ച് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെൻറോ മറ്റു പോലീസുകാരോ പരിശോധിച്ച് കേസെടുക്കാതെ വിട്ടേയ്ക്കാം. പക്ഷേ അപകടം സംഭവിച്ചാൽ ലൈസൻസില്ലാതെ ഡ്രൈവിംഗ് ചെയ്തതിൻറെ മുഴുവൻ കുറവും ആ ഡ്രൈവർ ഏൽക്കണം. മാസങ്ങളോളം നീണ്ടുപോയാൽ, ഇത്തരത്തിൽ ലൈസൻസില്ലാത്ത കുറവാളികളാകുന്ന നിരവധി സംഭവങ്ങൾ ഈ സംസ്ഥാനത്തുണ്ടായിട്ടുണ്ട് എന്നത് എന്തെങ്കിലും പരിഗണിച്ചിട്ടുണ്ടോ; അതിൻറെ അടിസ്ഥാനത്തിൽ ഗൗരവമായി ഇത് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എൻ. ശക്തൻ: ഇത് ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. ഇതൊന്നും മനഃപ്പൂർവ്വമല്ല ചെയ്യുന്നത്. കഴിഞ്ഞ വർഷം 51.217 അപകടം ഇവിടെ ഉണ്ടായിട്ടുണ്ട്. ആ അപകടമുണ്ടായാൽ എ.എം.വി.ഐ.യോ എം.വി.ഐ.യോ ആ സ്ഥലത്ത് പോകണമെന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. അങ്ങനെ പോകുന്നതിനുള്ള സ്റ്റാഫ് ഇവിടെയില്ല. ആകെയുള്ളത് 482 സ്റ്റാഫാണ് ഈ 50,000-ൻറെ അടക്കമുണ്ടാകുന്ന സ്ഥലങ്ങളിൽ എത്തേണ്ടത്. ടെസ്റ്റ് നടത്തേണ്ടത് അവരാണ്; അതുപോലെതന്നെ ഓഫീസിലിരുന്ന് മറ്റു കാര്യങ്ങൾ ചെയ്യുന്നതെല്ലാം ഇവരാണ്. ഈ സ്റ്റാഫിൻറെ കുറവുകൊണ്ടാണ് അൽപ്പം കാലതാമസം വന്നിട്ടുള്ളത്. പി. എസ്.സി.യിൽനിന്നും ലിസ്റ്റ് കിട്ടിക്കഴിഞ്ഞാൽ അടിയന്തിരമായി അവരെ പോസ്റ്റ് ചെയ്യുന്നതാണ്. എ.എം.വി ഐ.മാരെ നിയമിച്ചതിനു ശേഷം മാത്രമേ ഇപ്പോഴുണ്ടാകുന്ന കാലതാമസം പൂർണ്ണമായും ഒഴിവാക്കുന്നതിന് കഴിയുകയുള്ളൂ. ഇന്നുള്ള സ്റ്റാഫിനെ വച്ചുകൊണ്ട് കഴിയുന്നിടത്തോളം കാലതാമസം ഒഴിവാക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly